# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 6923 13.7.2012- ലെ മറുപടിയ്ക്ക്**

**കോൺട്രാക്ടർമാർക്ക് കരാർ തുക ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എ.കെ.ശശീന്ദ്രൻ** | | **പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) | വാട്ടർ അതോറിറ്റി തിരുവനന്തപുരം സ്വീവറേജ് ഡിവിഷനിൽ ഓപ്പൺ ടെണ്ടർ വിളിച്ചിരിക്കുന്ന പ്രോജക്ട് വർക്കുകൾ ചെയ്ത് തീർത്ത കോൺട്രാക്ടർമാർക്ക് ഒരു വർഷം കഴിഞ്ഞിട്ടും പേയ്മെന്റ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് എന്ന് പേയ്മെന്റ് നൽകാൻ കഴിയും ; ഇതോടൊപ്പം ഉള്ളതും ഇതേ സ്വഭാവത്തിലുള്ളതുമായ മറ്റ് വർക്കുകൾക്ക് പേയ്മെന്റ് നൽകിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഡിവിഷൻ ഓഫീസിൽ നിന്നും വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ ലഭിച്ച ഫണ്ട് റിക്വസ്റ്റ് പരിശോധിച്ചപ്പോൾ പ്രസ്തുത വർക്കുകൾക്കൊന്നും തന്നെ റിവൈസ്ഡ് അഡ്മിനിസ്ട്രേറ്റീവ് അംഗീകാരം ലഭ്യമായിട്ടില്ല എന്ന് മനസ്സിലാവുകയും പ്രസ്തുത അംഗീകാരം ലഭിക്കുന്നതുവരെ കോൺട്രാക്ടർമാർക്കുള്ള ഫണ്ട് ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാനായി 50% തുക 2012 മെയ് മാസം അനുവദിക്കുകയുണ്ടായി. ഇതേ സ്വഭാവമുള്ള മറ്റ് വർക്കുകൾക്ക് പേയ്മെന്റ് നൽകിയിട്ടില്ല. |
| (ബി) | കോൺട്രാക്ടർമാർക്ക് നൽകേണ്ടി വന്ന പലിശയിനത്തിൽ ഉണ്ടായ നഷ്ടം ബിൽ പെയ്മെന്റ് നൽകാൻ കാലതാമസം വരുത്തിയവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നടപടി ക്രമത്തിലെ കാലതാമസം മൂലം കോൺട്രാക്ടർമാർക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുവാൻ നിലവിൽ വ്യവസ്ഥ ഇല്ല. |
| (സി) | വാട്ടർ അതോറിറ്റിയിലെ ഫിനാൻസ് മാനേജരും എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുള്ള അഭിപ്രായ വ്യത്യാസം പേയ്മെന്റ് നൽകാത്തതിന് ഇടയാക്കിയിട്ടുണ്ടോ? വ്യക്തമാ ക്കുമോ ? | (സി). | വാട്ടർ അതോറിറ്റിയിലെ ഫിനാൻസ് മാനേജരും എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ യാതൊരു അഭിപ്രായ വ്യത്യാസവും ഇല്ല. |

++

**സെക്ഷൻ ആഫീസർ**